**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2586** 13-12-2022 - ൽ മറുപടിയ്ക്ക്

**എടരിക്കോട് തെന്നല പെരുമ്പുഴ തോട് വി.സി.ബി. നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2021 -22 സാമ്പത്തിക വർഷത്തെ ബജറ്റിൽ തുക വകയിരുത്തി ഭരണാനുമതി ലഭ്യമാക്കിയ തിരൂരങ്ങാടി മണ്ഡലത്തിലെ എടരിക്കോട് തെന്നല പെരുമ്പുഴ തോട് വി.സി.ബി. (വെന്റഡ് ക്രോസ് ബാർ )നിർമ്മാണവും പാർശ്വഭിത്തി സംരക്ഷണവും പ്രവൃത്തി, സോഫ്റ്റ്‌വെയറിലെ സാങ്കേതികത്വം മൂലം വൈകുന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വിശദമാക്കാമാ; | (എ) | ടി പ്രവൃത്തിയുടെ വി.സി.ബിയുടെ സിവിൽ പാർട്ടിന്റേയും , പാർശ്വഭിത്തി സംരക്ഷണ പ്രവൃത്തിയുടേയും സാങ്കേതി കാനുമതിയ്ക്കുള്ള എസ്റ്റിമേറ്റ് ചെറുകിട ജലസേചന വിഭാഗം , തിരൂരങ്ങാടി അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയവും മെക്കാനിക്കൽ ഷട്ടർ ഉൾപ്പെടുന്ന മെക്കാനിക്കൽ പാർട്ടിന്റെ എസ്റ്റിമേറ്റ് ഇറിഗേഷൻ മെക്കാനിക്കൽ വിഭാഗവും തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ഈ രണ്ട് എസ്റ്റിമേറ്റുകളും ക്ലബ് ചെയ്ത് സാങ്കേതികാ നുമതിക്കായി സമർപ്പിക്കുന്നതിനുള്ള സംവിധാനം പ്രൈസ്-3 സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്ത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു . |
| (ബി) | ബജറ്റ് വർക്കുകൾ പൂർത്തീകരിക്കുന്നതിന് കാലാവധി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ബഡ്ജറ്റ് വർക്കുകൾ പൂർത്തീകരിക്കുന്ന തിനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട വകുപ്പിനാണ് . ഭരണാനുമതി ലഭ്യമാകുന്ന പ്രവൃത്തികൾ എഗ്രിമെന്റിന്റെ അടിസ്ഥാ നത്തിൽ നിശ്ചയിച്ച കാലാവധിക്കുള്ളിൽ പൂർത്തിയാക്കേണ്ടതാണ്. പരമാവധി കാലാവധി മൂന്ന് വർഷമായി നിജപ്പെട്ടു ത്തിയിട്ടുണ്ട്. |
| (സി) | ബജറ്റ് വർക്കുകൾ അനിയന്ത്രിതമായി നീണ്ടുപോകുന്നത് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ ? | (സി) | ബഡ്ജറ്റ് വർക്കുകൾ അനിയന്ത്രിതമായി നീണ്ടു പോകുന്നത് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. പ്രൈസ്-3 സോഫ്റ്റ് വെയർ-ൽ സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ പ്രവൃത്തികളെ ക്രോഡീകരിച്ച് (composite type of works) നടപ്പിലാക്കുന്ന തരത്തിലുള്ള സംവിധാനം നിലവിൽ ലഭ്യമല്ല. ഇതുമായി ബന്ധപ്പെട്ട് മികച്ച സാങ്കേതിക സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.<br><br>മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ വിവിധ വകുപ്പ്മന്ത്രിമാരുടെയും സെക്രട്ടറിമാ രുടെയും |

| | | | |
|---|---|---|---|
| | | | യോഗം ചേർന്ന് പദ്ധതികൾ സമയബന്ധിതമായി തീർക്കുന്നതിന് ആവശ്യമായ കർമ്മ പരിപാടികൾ രൂപീകരിക്കുകയും online realtime monitoring system ഇതിനു വേണ്ടി വികസിപ്പി ച്ചെടുക്കുകയും ചെയ്തിട്ടുണ്ട് . ഇതുകൂടാതെ ധനകാര്യ വകുപ്പ് ബഡ്ജറ്റ് മോണിറ്ററിംഗ് സിസ്റ്റം (BMS) എന്ന സോഫ്റ്റ്വെയർ വികസിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പോർട്ടൽ (budgetdata.kerala.gov.in) വഴി ഓരോ വർഷത്തേയും ബഡ്ജറ്റ് പ്രഖ്യാപന ങ്ങളിലെ പദ്ധതികളുടെ പുരോഗതി Chief Controlling Officerമാർ രേഖപ്പെടുത്തുന്നതു നിരീക്ഷിക്കുന്നതിനും യഥാസമയം ബന്ധപ്പെട്ടവർക്ക് സെക്രട്ടറി തലത്തിൽ ഉചിതമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ഉപയുക്തമാക്കിയിട്ടുണ്ട്. പ്രസ്തുത പോർട്ടലി ലൂടെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികളുടെ പുരോഗതി നിരീക്ഷിക്കുവാനും സാധ്യമാണ് . |

സെക്ഷൻ ഓഫീസർ